# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .ഇ കെ.എം.(പി 12)1760/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്ദമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .ഇ കെ.എം.(പി 12)1760/23 തീയ്യതി: 16/12/2023

## എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 22-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-11-2023 | 22-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. കവിതാദേവി വി., ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രസാദ് പി. ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വൃന്ദ സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കിരൺ കെ. എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ദിവ്യ ഉണ്ണികൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 03-01-2023 |
| ശ്രീ.ബെന്നി ജോസഫ് | പ്രസിഡന്റ് | 04-01-2023 | 23-01-2023 |
| ശ്രീമതി.ലീന വിശ്വൻ | പ്രസിഡന്റ് | 24-01-2023 | 31-03-2023 |
| ശ്രീമതി.റീന റാഫേൽ | സെക്രട്ടറി | 01-04-2022 | 02-05-2022 |
| ശ്രീ.മനോജ് വി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2022 | 15-05-2022 |
| ശ്രീമതി.റീന റാഫേൽ | സെക്രട്ടറി | 16-05-2022 | 19-07-2022 |
| ശ്രീ.ജയകഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-07-2022 | 31-07-2022 |
| ശ്രീമതി.റീന റാഫേൽ | സെക്രട്ടറി | 01-08-2022 | 12-10-2022 |
| ശ്രീ.ജയകഷ്ണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-10-2022 | 18-10-2022 |
| ശ്രീമതി.റീന റാഫേൽ | സെക്രട്ടറി | 19-10-2022 | 25-11-2022 |
| ശ്രീമതി.സിന്ധു സി.റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-11-2022 | 13-12-2022 |
| ശ്രീമതി.റീന റാഫേൽ | സെക്രട്ടറി | 14-12-2022 | 31-01-2023 |
| ശ്രീമതി.സിന്ധു സി.റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2023 | 03-03-2023 |
| ശ്രീമതി.രേഖ ഫെർണാണ്ടസ് | സെക്രട്ടറി | 04-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മനോജ് വി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 24-05-2022 |
| ശ്രീമതി.ലിമി ആന്റണി | അസിസ്റ്റന്റ് സെക്രട്ടറി | 25-05-2022 | 03-11-2022 |
| ശ്രീമതി.സിന്ധു സി.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 04-11-2022 | 31-03-2023 |
| ശ്രീമതി.മഞ്ജുഷ.പി.എച്ച് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആതിര.പി.സി | കൃഷി ഓഫീസർ | 01-04-2022 | 12-06-2022 |
| ശ്രീമതി.സരിത | കൃഷി ഓഫീസർ-ഇൻ-ചാർജ്ജ് | 13-06-2022 | 18-07-2022 |
| ശ്രീമതി.നീതു എൻ.എസ് | കൃഷി ഓഫീസർ-ഇൻ-ചാർജ്ജ് | 19-07-2022 | 07-08-2022 |
| ശ്രീമതി.സൌമ്യ പോൾ | കൃഷി ഓഫീസർ | 08-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.വി.എ.നവാസ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 24-11-2022 |
| ഡോ.അഷ്കർ എം.എസ് | സീനിയർ വെറ്ററിനറി സർജൻ | 25-11-2022 | 31-03-2023 |
| ഡോ.ജീന ജോസഫ് | മെഡിക്കൽ ഓഫീസർ, അലോപ്പതി(ഇൻ-ചാർജ്) | 01-04-2022 | 31-03-2023 |
| ഡോ.രാഖി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 06-01-2023 |
| ഡോ.അനൂപ് എ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 07-01-2023 | 31-03-2023 |
| ഡോ.ബിന്ദു സേവ്യർ | സീനിയർ മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 05-11-2022 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-11-2022 | 09-01-2023 |
| ശ്രീ.വിമക്ലൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-01-2023 | 31-03-2023 |
| ശ്രീമതി.അംബിക.വി.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രാധിക നായർ | ഹെഡ്മിസ്ട്രസ്, ഗവ.എൽപി.എസ്, ചേന്ദമംഗലം | 01-04-2022 | 31-03-2023 |
| ശ്രീ.സാബിഖ് ടി.എസ് | വി.ഇ.ഒ. ഗ്രേഡ്-I, വടക്കുംപുറം സർക്കിൾ | 01-04-2022 | 19-07-2022 |
| ശ്രീ.രഞ്ജിത്ത് എം.ആർ | വി.ഇ.ഒ. ഗ്രേഡ്-I, വടക്കുംപുറം സർക്കിൾ | 20-07-2022 | 31-03-2023 |
| ശ്രീമതി.അമ്പിളി.ടി.ആർ | വി.ഇ.ഓ. ഗ്രേഡ്-II , ചേന്ദമംഗലം സർക്കിൾ(employment Basis) | 01-04-2022 | 03-05-2022 |
| ശ്രീ.അക്ഷയ് കുമാർ എ | വി.ഇ.ഓ. ഗ്രേഡ്-II , ചേന്ദമംഗലം സർക്കിൾ | 04-05-2022 | 31-03-2023 |
| ശ്രീമതി.സീന അഗസ്റ്റിൻ.പി.എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 30-04-2022 |
| ശ്രീമതി.ജീന | ഫിഷറീസ് സബ് | 01-05-2022 | 06-07-2022 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ(employment Basis) | | |
| ശ്രീമതി.സുജ ദേവൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 07-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം കൃത്യമല്ല | 1-1-6 |
| 8 | ബാങ്ക് റിക്കൺസിലിയേഷനിലെ അപാകത | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം- അവലോകനം | 1-11 |
| 19 | തൊഴിൽ നികുതി - അപാകതകൾ | 1-12 |
| 20 | വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-13 |
| 21 | 60 ച.മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു | 1-14 |
| 22 | ലേലം - അപാകതകൾ | 1-15 |
| 23 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല | 1-16 |
| 24 | ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകൾ - പൊതു അപാകതകൾ | 1-17 |
| 25 | വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ മരുന്നുകൾ ലഭ്യമായില്ല | 1-18 |
| 26 | സാക്ഷരതാ തുടർവിദ്യാഭ്യാസം - രേഖകൾ പൂർണ്ണമല്ല | 1-19 |

| | | |
|---|---|---|
| 27 | വിനിയോഗ സാക്ഷ്യപത്രവിവരം ലഭ്യമല്ല-തുക തടസപ്പെടുത്തുന്നു | 1-20 |
| 28 | തെരുവുവിളക്കുകളുടെ പരിപാലനം | 1-21 |
| 29 | മഴക്കാല പൂർവ്വ ശുചീകരണം | 1-22 |
| 30 | ഗ്യാസ് ക്രിമറ്റോറിയം-എ.എം.സി നൽകിയതിലെ അപാകത | 1-23 |
| 31 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം അറിയിക്കണം | 1-24 |
| 32 | മാലിന്യം കൊണ്ടു പോകുന്നതിന്റെ ചെലവിനോടൊപ്പം ജി.എസ്.ടി കൂടി അനുവദനീയമല്ല | 1-25 |
| 33 | പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. | 1-26 |
| 34 | ഇലക്ഷൻ ഡെപ്പോസിറ്റ്-തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-27 |
| 35 | ഗ്രാമവണ്ടിയുടെ ഡീസൽ ഉപയോഗം | 1-28 |
| 36 | മരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല | 1-29 |
| 37 | കോട്ടയിൽ കോവിലകം ഗ്യാസ് ക്രിമറ്റോറിയം -പ്രവർത്തനക്ഷമമാക്കണം | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും, പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.07.2023 ലെ 1(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 16.12. 2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹26,02,344/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-) ₹16,87,658/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-2 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡാറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും, മൂല്യത്തിന്റെയും, ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും, മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-4 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും, വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-5 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

ഡിമാന്റ് ചെയ്യേണ്ട വരവിനങ്ങൾക്ക് വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും, സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം, അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്.

### 1-1-6 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം കൃത്യമല്ല

വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുക (പ്രോജക്റ്റ് മുഖേന ചെലവഴിച്ചത്) വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 4-3 കാണുക.

### 1-1-7 ബാങ്ക് റിക്കൺസിലിയേഷനിലെ അപാകത

ചേന്ദമംഗലം സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ 4170 ന്റെ ബാങ്ക് പാസ്ബുക്ക് പ്രകാരം 31.03.2023 ലെ നീക്കിയിരിപ്പ് ₹1,46,90,185.13 ആണ്. എന്നാൽ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ്ബുക്ക് ബാലൻസ് 1,46,89,718.50/- എന്ന് കണക്കിലെടുത്താണ് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടുള്ളത്. ₹468/-യുടെ വ്യത്യാസം 2023-24 ൽ ക്രമപ്പെടുത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (നം.10/18.11.2023) മറുപടിയിൽ അറിയിച്ചു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 25.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10.03.2023 തീയതിയിലെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2022-2023 ലെ ജനറൽ ബജറ്റ് പ്രകാരവും, പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം (₹) |
|---|---|---|
| പ്രാരംഭ ബാക്കി | 15,45,917 | 5,74,647 |
| വരവ് | 31,53,76,000 | 32,13,17,065 |
| ആകെ | 31,69,21,917 | 32,18,91,712 |

| | | |
|---|---|---|
| ചെലവ് | 31,53,27,000 | 32,12,68,064 |
| നീക്കിയിരിപ്പ് | 15,94,917 | 6,23,648 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,31,63,733.50 |
| വരവ് | 3,85,62,827.00 |
| ആകെ | 6,17,26,560.50 |
| ചെലവ് | 3,59,60,483.00 |
| നീക്കിയിരിപ്പ് | 2,57,66,077.50 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 1,68,44,000 | 1,68,44,000 | 1,63,28,387 | 5,15,613 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 42,64,000 | 42,64,000 | 38,14,161 | 4,49,839 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 79,48,000 | 79,48,000 | 68,74,748 | 10,73,252 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 55,81,000 | 55,81,000 | 49,83,845 | 5,97,155 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic-ട്രഷറി | 0 | 4,52,711 | 4,52,711 | 4,32,162 | 20,549 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-ട്രഷറി | 0 | 5,81,930 | 5,81,930 | 60,000 | 5,21,930 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic- Bank | 13,77,877 | 31,05,276 | 44,83,153 | 25,28,331 | 0 | 19,54,822 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank | 21,91,079 | 43,94,000 | 65,85,079 | 36,13,373 | 0 | 29,71,706 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100198-ശുചിത്വമിഷൻ ഗ്രാന്റ് | 0 | 2,99,571 | 2,99,571 | 299571 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100196 | 4,09,250 | 11,52,362 | 15,61,612 | 2,94,321 | 0 | 12,67,291 |

| | | | | | | |
|---|---|---|---|---|---|---|
| 320100160-Rural Housing-housing For All | 445000 | 0 | 4,45,000 | 50,000 | 0 | 3,95,000 |
| 320100181-Total Sanitation Campaign | 5,12,354 | 6,91,441 | 12,03,795 | 8,52,000 | 0 | 3,51,795 |
| 320100197 : Literacy Scheme | 9089 | 258 | 9347 | 0 | 0 | 9347 |
| 320100202-health Grant For Diagnostic Infrastructure To PHC S | 0 | 3,32,601 | 3,32,601 | 0 | 0 | 3,32,601 |
| 320100204-health Grant For Conversion Of PHCs In To Health & Wellness Centres | 0 | 1,37,307 | 1,37,307 | 69,667 | 0 | 67,640 |
| 320200399-grant From Other Agencies | 2,75,500 | 0 | 2,75,500 | 0 | 0 | 2,75,500 |
| 320200304-grant From Other Agencies - Solid Waste Management | 5,04,394 | 0 | 5,04,394 | 0 | 0 | 5,04,394 |
| 320300199-grant From Other Agencies -Grant From Other Govt Agencies | 2,20,137 | 0 | 2,20,137 | 1,134 | 0 | 2,19,003 |
| 320200207-Fund For Transferred Institutions-Ayurveda -Capital | 0 | 5,00,000 | 5,00,000 | 0 | 0 | 5,00,000 |
| 320300103 (Total Sanitation Other Govt. Agency) | 391870 | 0 | 391870 | 391870 | 0 | - |

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-ജനറൽ- 43,65,395/-

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്- എസ്.സി.പി-11,23,865/-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 222 | 14,25,99,171 | 154 | 5,53,38,105 | 71 | 83 | 68 | 32% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 79 | 10,02,112 | 10,02,191 | 9,95,718 | 6,473 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2,18,59,178 | 2,18,59,178 | 2,18,59,178 | 0 |
| ആകെ | 79 | 2,28,61,290 | 2,28,61,369 | 2,28,54,896 | 6,473 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5,87,200 | 49 |
| വിധവാപെൻഷൻ | 1,47,76,200 | 885 |
| വാർദ്ധക്യകാലപെൻഷൻ | 3,48,44,100 | 3294 |
| വികലാംഗപെൻഷൻ | 41,83,800 | 363 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 17,47,200 | 154 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 3,00,000 | 10 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2023 തീയതിയിൽ 3.00 പി എം -ന സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹61654/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ കൈമാറിയ തുക ക്രമീകരിക്കുയോ ചെയ്യുന്നില്ല. കൈമാറുന്ന തുകകൾ വാർഷിക ധനകാര്യപത്രികയിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തുന്നില്ല. നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.
2. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിലേതുൾപ്പെടെ ഓണം അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടില്ല.
3. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ചത് വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

4. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഡി സി ബി കണക്കാക്കി രേഖപ്പെടുത്തുന്നില്ല. സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയത് പ്രകാരം ഡി സി ബി കണക്കാക്കേണ്ടതുമാണ്.
5. അഡ്വാൻസ് രജിസ്റ്ററിൽ തിരികെ ലഭിച്ച തുകകളും, നീക്കിയിരിപ്പും രേഖപ്പെടുത്തുന്നില്ല.

6. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.
7. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താത്തതിനാൽ ആവിഷ്കരിച്ച മിക്ക മരാമത്ത് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാനായിട്ടില്ല.

9. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ കൃത്യമായ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.11.2022 | 01.04.2021 മുതൽ 31.03.2022 വരെ | 14.11.2022. നിലവിൽ പെർഫോർമൻസ് ഓഡിറ്റ് സംവിധാനം ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2019 | 2012-13 മുതൽ 2016-17 വരെ | 09.08.2019 റിപ്പോർട്ട് നം.LBA HQ II/III 8A 2731/2017-18/251-252 |

1-11 തനത് വരുമാനം- അവലോകനം

18 വാർഡുകളിലായി വ്യാപിച്ചാണ് ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലം തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
1) വസ്തു നികുതി പിരിവ്
2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 99% വസ്തു നികുതിയും പിരിച്ചെടുക്കുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.
2) വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ
സ.ഉ 25/2023/തസ്വഭവ തീ. 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതുപ്രകാരം 20.07.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലെയും ഡാറ്റാ കളക്ഷൻ എടുക്കുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് 19.09.2023 തീയതിയിലെ അടിയന്തിര യോഗത്തിൽ 1(2) നമ്പറായി കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.
സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
3) പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്
കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ളവ (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.
4) സേവന ഉപനികുതി ചുമത്തൽ
2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ (ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രെയിനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം

ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ സാധ്യത പഞ്ചായത്ത് ഭരണസമിതിക്ക് പരിശോധിക്കാവുന്നതാണ്. എന്നാൽ സേവന ഉപനികുതി ചുമത്തുന്നതിലേക്കായി നിലവിൽ കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല.

5) IFTE & OS ലൈസൻസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 31-10-2017 ലെ ജി.ഒ.(പി.) 80/2017/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പ്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിച്ച്, സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായും ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരംതിരിച്ച് മൂലധന നിക്ഷേപം കണക്കാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിനും ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് പരമാവധി ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിൽ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും നിലവിൽ 100, 200, 300, 400, 500, 1000, 2000, 4000, 5000, 10000 എന്നിങ്ങനെയുള്ള നിരക്കുകളിലാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചുള്ളത്. മൂലധന നിക്ഷേപം ₹1,00,000/- വരെ, ₹1,00,000/- മുതൽ ₹2,00,000/- വരെ, ₹2,00,000/- മുതൽ ₹3,00,000/- വരെ എന്നിങ്ങനെയുള്ള സേവന, ഉത്പാദന സ്ഥാപനങ്ങൾക്ക് യഥാക്രമം ₹100/-, ₹200/-, ₹300/- കമ്മിറ്റി ലൈസൻസ് ഫീ ആയി നിശ്ചയിച്ചിരിക്കുന്നത്. പഞ്ചായത്തിൽ ലഭ്യമായ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ കൂടുതൽ സ്ഥാപനങ്ങളും ₹1,00,000/-, ₹2,00,000/-, ₹3,00,000/- എന്നിങ്ങനെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ₹100/-, ₹200/-, ₹300/- എന്നീ നിരക്കുകളിലാണ് ലൈസൻസ് ഫീ ചുമത്തിയിരിക്കുന്നത്. ഇത്തരത്തിൽ കുറഞ്ഞ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വൻ വരുമാന നഷ്ടത്തിനു ഇടയാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 472 സ്ഥാപനങ്ങളിൽ നിന്നായി ആകെ 115600/- (Current – ₹52900/- +Advance – ₹62700/-) ആണ് വരവ് വന്നിട്ടുള്ളത്. ലൈസൻസ് ഫീ നിരക്കു നിശ്ചയിച്ച് നിലവിൽ അഞ്ചു വർഷം കഴിഞ്ഞതിനാൽ ആയത് കാലാനുസൃതമായി പുതുക്കി നിശ്ചയിക്കാവുന്നതാണ്. ആയതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

7) വാടക

നിലവിൽ പഞ്ചായത്തിന്റെ അധീനതയിൽ വാടക കെട്ടിടങ്ങളില്ല.

8) തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന സാധ്യമാകുന്നില്ല.

സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷകളിലെ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് അത്തരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

1-12 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (5/17.11.2023) മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1) തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ

ബേസ് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. നിലവിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാണോയെന്ന പരിശോധന സാധ്യമായിട്ടില്ല.

2) പാരാ-മെഡിക്കൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാ-മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസി | ലൈസൻസ് നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ശ്രീകൃഷ്ണ ഫാർമസി (ഹോമിയോ ഡിസ്പെൻസറി) | ആനന്ദൻ റ്റി.കെ | 49/2022-23 | 1 |
| 2 | വി കെയർ ഡെന്റൽ ഹോസ്പിറ്റൽ | ഡോ.ജിഷ്ണ ഉത്തമൻ | 66/2022-23 | 2 |
| 3 | കൗമ്പിള്ളി ഹോമിയോ ഡിസ്പെൻസറി (ഹോമിയോ ക്ലിനിക്) | ഡോ.സുജിത് കെ.എസ് | 92/2022-23 | 1 |
| 4 | നിരാമയ ആയുർവ്വേദ ക്ലിനിക് | ഡോ.ലേഖ കെ.എസ് | 275/2022-23 | 1 |
| 5 | ഡെന്റ് - എ- കെയർ | അലീന ക്രിസ്റ്റി | 322/2022-23 | 1 |
| 6 | ശോഭനം മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോ ക്ലിനിക് | ഡോ.സുമത എസ് | 347/2022-23 | 1 |
| 7 | സാജ് ക്ലിനിക് | നിതിൻ ഇ.എസ് | 361/2022-23 | 1 |
| 8 | ഡോ. ലീല മെമ്മോറിയൽ ഹോമിയോ ക്ലിനിക് | ഹരി ഗോവിന്ദ് ഒ.പി | 396/2022-23 | 2 |

3) ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | പ്രസീതം പെട്രോളിയം പ്രൊഡക്ട്സ് എസ്സാർ ഓയിൽ ലിമിറ്റഡ് | 4/22-23 | 8 |
| 2 | പോളി പ്ലാസ്റ്റ് | 6/22-23 | 5 |
| 3 | കൃഷ്ണ ഇൻഡസ്ട്രീസ് | 50/22-23 | 5 |
| 4 | മന്ന ഫുഡ്സ് | 25/22-23 | |
| 5 | കടിയൻ ടൈൽസ് & സാനിറ്ററീസ് | 59/22-23 | 5 |
| 6 | മെൽഫി ഗാർമെന്റ്സ് | 87/22-23 | 5 |
| 7 | മനിക്കൽ സിമന്റ് ബ്ലോക്ക് | 399/22-23 | 5 |
| 8 | പറവൂർ ഫിസിയോ തെറാപ്പി & റീഹാബിലേഷൻ സെന്റർ | 460/22-23 | 4 |

4) താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ നികുതി പത്രികകളിൽ അർദ്ധവാർഷിക വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പിരിച്ചെടുത്ത നികുതിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ പത്രിക ലഭ്യമാക്കുമ്പോൾ ആയതിൽ വരുമാന

വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3 ലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കിനനുസൃതമായാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ഗുരുവായൂർ ബ്രദേഴ്സ് ഗുരുവായൂർ പപ്പടം | I & II |
| 2 | കോലഞ്ചേരി വുഡ് ഇൻഡസ്ട്രീസ് | I & II |

5) താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഗ്രീൻ ലീഫ് റസ്റ്റോറന്റ് | I & II |
| 2 | കോവിലൻ ഫീഡ്സ് | I |
| 3 | ലൈഫ് ലാബ് ഡയഗ്നോസ്റ്റിക്സ് ലി. & ലൈഫ് ബിറ്റ് ഫാർമസ്യൂട്ടിക്കൽസ് | II |
| 4 | അയ്യർ ബേക്കറി | II |
| 5 | പറവൂർ കിച്ചൺ | I |
| 6 | TS No 18,19,20,21 | I |
| 7 | കാറ്റ് എഞ്ചിനീറിംഗ് | I |

ക്രമ നം.2,3,5 എന്നീ പട്ടികകളിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

6) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | പല്ലംത്തുരുത്ത് KUCS | I &II |
| 2 | തുരുത്തിപ്പുറത്ത് KUCS | I &II |
| 3 | മടപ്ലത്തുരുത്ത് KUCS | I &II |
| 4 | കെ എസ് ഇ ബി ലിമിറ്റഡ് വടക്കുംപുറം | II &II |
| 5 | കാത്തലിക് സിറിയൻ ബാങ്ക് | I &II |

7) DCB സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-13 വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 40/- രൂപയും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയുടെ അടിസ്ഥാന നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയുമാണ്. എന്നാൽ സഞ്ചയയിൽ 6/305 A നമ്പർ വാണിജ്യ കെട്ടിടത്തിന്റെ വിസ്തീർണ്ണം 112.89 ച.മീറ്റർ വീതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അടിസ്ഥാന നിരക്കായ 60/- രൂപക്ക് പകരം 40/- രൂപ കണക്കാക്കിയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. ആയതിനാൽ വസ്തുനികുതി ഇനത്തിൽ കുറവുണ്ടായിട്ടുണ്ട്.

| ഇനം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടിയിരുന്നത് |
|---|---|---|
| തറവിസ്തീർണ്ണം (ച.മീറ്റർ) | 112.89 | 112.89 |
| അടിസ്ഥാന വസ്തു നികുതി | 112.89 X 40 = 4515.6 | 112.89 X 60 = 6773.4 |
| വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള | 4515.6 X 20% = 903.12 | 6773.4 X 20% = 1354.68 |

| | | |
|---|---|---|
| വർദ്ധനവ് - 20% | | |
| മേൽക്കൂര – ഇളവ് 10% | 4515.6 X 10% = 451.56 | 6773.4 X 10% = 677.34 |
| ആകെ വസ്തുനികുതി | 4515.6+903.12-451.56= 4967.16(4968) | 6773.4+1354.68-677.34= 7450.74(7451) |
| ലൈബ്രറി സെസ്സ് - 5% | 4968 X 5%=248.4(249) | 7451 X 5%=372.55(373) |
| ആകെ നികുതി | 4968 + 249 =5217 | 7451+373=7824 |
| നികുതി നിർണ്ണയത്തിൽ വന്ന ആകെ കുറവ് (2022-23 വരെ) | 7824 – 5217 = 2607 | |

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/21.11.2023) മറുപടി നൽകിയില്ല. പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-14 60 ച.മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ -ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്)358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. 1, 2, 3 വാർഡുകൾ മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/10<br>1/10 A | Kochuthressya W/o Michale Konath House |
| 2 | 1/82<br>1/82 A | Nixon, Potheath Parambil House |
| 3 | 1/116<br>1/116 A | Francis Dhauravu, Maliyeakkeal |
| 4 | 1/248 B<br>1/248 C | Joseph Bibin, Kalathil |
| 5 | 1/347 A<br>1/347 C | Jibin Joy, Painedath |
| 6 | 1/386<br>1/386 A | Mathew Sebastian, Kalathil |
| 7 | 1/421<br>1/421 A | Antony, Kalathil |
| 8 | 2/69<br>2/69 D | Antony, Kalathil |
| 9 | 2/199<br>2/199 A | Mary, Konath |
| 10 | 2/261<br>2/261 A | Thressyamma, Puthenpparambil |
| 11 | 2/274<br>2/274 A | Devasy, Mattakkal |
| 12 | 2/335 | Antony, Potheth |

| | | |
|---|---|---|
| | 2/335 A | |
| 13 | 2/416 | Johnson, Thattakath |
| | 2/416 A | |
| 14 | 3/28 | Stephean, Stephean |
| | 3/28 A | |
| 15 | 3/101 | Philomina & Shaji, Avittampilly |
| | 3/101 A | |
| 16 | 3/212 A | Gracy, Kanakkathuparambil |
| | 3/212 B | |

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 13/20.11.2023 ന് മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ലേലം - അപാകതകൾ

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ ലേലം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/21.11.2023)മറുപടി ലഭ്യമാക്കിയില്ല.

1. 2020-2021 സാമ്പത്തിക വർഷത്തെ കൊരക്കരത്തോട് ആഴം കൂട്ടൽ എന്ന പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച 195 $M^3$ മണ്ണ് തോടിന്റെ ഇരുവശത്തുമുള്ള പറമ്പിൽ കൂട്ടിയിട്ടിട്ടുള്ളതായും ആയതിന് ₹43567/-(195x223.42/$M^3$) നിരക്ക് നിശ്ചയിച്ചും 03/04/2021 തീയതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയതിൽ ഒരു ഭാഗത്ത് മാത്രമുള്ള 120 $M^3$ മണ്ണിന് അന്നത്തെ നിരക്ക് പ്രകാരം ₹27624/-(120x230.20/$M^3$) കണക്കാക്കി 03.02.2022 ൽ അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തിന് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ 09.03.2022 -ൽ മണ്ണ് ലേലം ചെയ്തിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള 75 $M^3$ മണ്ണ് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത മണ്ണ് നിലവിൽ ലേലം ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ 03/04/2021 തീയതിയിൽ 195 $M^3$ മണ്ണിന്റെ നിരക്ക് കണക്കാക്കി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടും ആയതിന്റെ ലേല നടപടികൾ വൈകിയതിന് വിശദീകരണം നൽകേണ്ടതാണ്.

2. ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള ഉപയോഗശൂന്യമായ സ്ട്രീറ്റ് ലൈറ്റ് -ഇലക്ട്രിക് വേസ്റ്റുകൾ, ക്ലാമ്പ്, ഫിറ്റിംഗ്സ്, പ്ലാസ്റ്റിക് അടക്കമുള്ള സ്ക്രാപ്പുകൾ എന്നിവ നീക്കം ചെയ്യുന്നതിനുള്ള ലേലത്തിൽ കൂടുതൽ റേറ്റ് (₹36/kG)രേഖപ്പെടുത്തിയ ശ്രീ.വി. വെങ്കിടേഷിന് ലേലം ഉറപ്പിച്ച് നല്കിയിട്ടുണ്ട്. ലേല രജിസ്റ്റർ പരിശോധിച്ചതിൽ 1104 കിലോഗ്രാം സ്ക്രാപ്പാണ് ലേലം ചെയ്തിട്ടുള്ളതായി കാണുന്നത്. എന്നാൽ ആയത് സാധൂകരിക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ ആധികാരിക രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

3. താഴെ ചേർക്കുന്ന ലേലവുമായി ബന്ധപ്പെട്ട് ലേലം കൈക്കൊണ്ട വ്യക്തികളുമായി കരാർ ചമച്ചതായി കാണുന്നില്ല.

| ക്രമ നം | ലേലം | ലേലം കൈക്കൊണ്ട വ്യക്തി | റിമാർക്സ് |
|---|---|---|---|
| 1 | വടക്കുംപുറം (വാർഡ് 5) അംഗൻവാടി No.68 കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള ലേലം | വിജയൻ, കൈതപ്പിള്ളി പറവൂർ | ലേല ഡയറിയിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 2 | എൽ പി സ്കൂളിലെ ഉപയോഗ ശൂന്യമായ കെട്ടിടം (അടുക്കള) പൊളിച്ചു മാറ്റുന്നതിനുള്ള ലേലം | സതീശൻ നായർ, അംബികാലയം | കരാർ ഉൾപ്പെടുത്തിയിട്ടില്ല |
| 3 | ഗോതുരുത്ത്- ചാത്തേടം ഫെറി ലേലം | ജോഷി വർഗ്ഗീസ്, തൈപ്പറമ്പിൽ, നന്ദികുളങ്ങര, പറവൂർ | മുദ്രപത്രത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലുള്ള ഉപയോഗശൂന്യമായ സ്ട്രീറ്റ് ലൈറ്റ് -ഇലക്ട്രിക് വേസ്റ്റുകൾ, ക്ലാമ്പ്, ഫിറ്റിംഗ്സ്, പ്ലാസ്റ്റിക് അടക്കമുള്ള സ്ക്രാപ്പുകൾ നീക്കം ചെയ്യൽ | ശ്രീ.വി. വെങ്കിടേഷ് | മുദ്രപത്രത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |

4. ചേന്ദമംഗലം സാംസ്കാരികനിലയം ലൈബ്രറിയിലെ പഴയ പത്രം ലേലവുമായി ബന്ധപ്പെട്ട ലേല ഡയറി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ലേല ഡയറികളിൽ വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
5. ലേല രജിസ്റ്ററിൽ DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. DCB തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങൽ - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം | 44/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 3,00,000/-<br>(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് (ബിൽ നം/തീയതി – തുക) | 96/11.10.2022 , 3,00,000 /- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ പ്രോജക്ടിനായി 3,00,000/- രൂപ കേരളാ ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമായിട്ടുണ്ട്. ലഭ്യമായ മരുന്നുകൾ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും മുൻ ബാക്കിയുള്ള സ്റ്റോക്കും നിലവിൽ ലഭ്യമായ സ്റ്റോക്കും ചേർത്തുള്ള ആകെ, സ്റ്റോക്ക് രജിസ്റ്ററിലെ ബാലൻസ് കോളത്തിൽ എഴുതുന്നില്ല. മരുന്നുകൾ വിതരണം ചെയ്യുമ്പോൾ നിലവിൽ ലഭ്യമായ സ്റ്റോക്കിൽ നിന്നും മാത്രമാണ് കുറവ് ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്റർ നം/പേജ് നം | മരുന്നിന്റെ പേര് | മുൻ ബാലൻസ് | ലഭ്യമായ മരുന്ന് | ആകെ രേഖപ്പെടുത്തേണ്ട സ്റ്റോക്ക് | രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്റ്റോക്ക് |
|---|---|---|---|---|---|---|
| 1 | I/136 | Calc Phos 6X | 750 | 1500 | 2250 | 1500 |
| 2 | I/142 | Silicea 6X | 250 | 1000 | 1250 | 1000 |
| 3 | I/191 | Calendula Ointment | 84 | 84 | 168 | 84 |
| 4. | I/190 | Thuja Oilment | 96 | 96 | 192 | 96 |
| 5. | I/221 | Cineraria Eye Drops | 96 | 144 | 240 | 144 |
| 6 | I/67 | 15ML Glass Bottle | 1960 | 1920 | 3880 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | I/52 | 5ML Glass Bottle | 6048 | 3744 | 9792 | 3744 |
| 8 | I/15 | Globules No.40 | 224 | 60 | 244 | 244 |
| 9 | I/218 | Rhus Tox | 236 | 224 | 460 | 244 |
| 10 | I/182 | Berberies Aqui | 120 | 120 | 240 | 120 |

1) 19.07.2023 തീയതിയിലെ LF-573 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ മാത്രം പരിശോധിച്ചതിൽ ഭൂരിഭാഗം മരുന്നുകളുടെയും സ്റ്റോക്ക് മേൽ ചേർത്ത പ്രകാരം മുൻ ബാലൻസുമായി ചേർത്ത് രേഖപ്പെടുത്തിയിരുന്നില്ല.
2) LF-573 തീയതി : 19.07.2023 പ്രകാരം ലഭ്യമായ 100ml ന്റെ 16 ബോട്ടിൽ EO/Calendula (ക്രമ നം. 6) മരുന്ന് സ്റ്റോക്കിൽ ചേർത്തിരുന്നില്ല.
3) 06.11.2023 തീയതിയിലെ LF-1961 നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നുകളുടെയും സ്റ്റോക്ക് എൻട്രി മേൽ പരാമർശിച്ച പ്രകാരം തന്നെയാണ് രേഖപ്പെടുത്തിയിരിന്നത്.
4) മെഡിസിൻ സ്റ്റോക്ക് രജിസ്റ്റർ 31.03.2022 ന ശേഷം മെഡിക്കൽ ഓഫീസർ പരിശോധിച്ച് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനെ തുടർന്ന് (7/18.11.2023) സ്റ്റോക്ക് രജിസ്റ്ററിൽ മരുന്നിന്റെ സ്റ്റോക്ക് രേഖപ്പെടുത്തി ഹാജരാക്കി. എന്നാൽ തുടർന്നും ചില മരുന്നുകളുടെ ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടു. കൂടാതെ ഹോമിയോ ഡിസ്പെൻസറിയിൽ ഓഡിറ്റ് നടത്തിയ പരിശോധനയിൽ താഴെ ചേർക്കുന്ന മരുന്നിന്റെ സ്റ്റോക്ക് കുറവ് കാണപ്പെട്ടു.

| രജിസ്റ്റർ നം/പേജ് നം | മരുന്നിന്റെ പേര് | മുൻ ബാലൻസ് | ലഭ്യമായ മരുന്ന് | രജിസ്റ്റർ ആകെ സ്റ്റോക്ക് ബാലൻസ് | റിമാർക്ക്സ് |
|---|---|---|---|---|---|
| III/5 | Acid Phos 200 | 2 | 2 | 4 | പരിശോധനയിൽ 2 മരുന്നുകൾ കുറവ് |

സ്റ്റോക്ക് രജിസ്റ്റർ അശ്രദ്ധമായാണ് കൈകാര്യം ചെയ്തിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ലൈഫ് ഭവന നിർമ്മാണ പ്രോജക്ടുകൾ - പൊതു അപാകതകൾ

1) സ്റ്റേജ് പൂർത്തീകരണ സാക്ഷ്യപത്രം സൂക്ഷിക്കുന്നില്ല

വി.ഇ.ഒ നിർവ്വഹണം നടത്തിയ 2022-23 ലെ ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഫയലുകൾ പരിശോധിച്ചതിൽ ഒരു ഫയലിലും ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും (ബേയ്സ്മെന്റ്, ലിന്റൽ, മേൽക്കൂര, Completion) പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തുന്ന സ്റ്റേജ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. മാർഗ്ഗരേഖ പ്രകാരം ഓരോ സ്റ്റേജും പൂർത്തീകരിച്ചതായ നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുകയുടെ ഓരോ ഗഡുക്കളും നൽകേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/21.11.2023 ന് വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ഭവന നിർമ്മാണത്തിന്റെ ഓരോ ഘട്ടവും പോയി പരിശോധിച്ച ശേഷമാണ് തുകയുടെ ഗഡുക്കൾ നൽകുന്നതെന്നും ബന്ധപ്പെട്ട ഫയലിൽ ഓരോ സ്റ്റേജിലുമുള്ള ഫോട്ടോകൾ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചു. ഭാവിയിൽ ഓരോ ഫയലിലും സ്റ്റേജ് സർട്ടിഫിക്കറ്റ് സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. വി.ഇ.ഒ യുടെ സാക്ഷ്യപത്രം ഫയലിൽ നിർബന്ധമായും ഉൾക്കൊള്ളിക്കേണ്ടതാണ്. വീട് പണി പൂർത്തീകരിച്ച പല ഗുണഭോക്താക്കളുടെയും പേരുകൾക്കു നേരെ രജിസ്റ്ററിൽ Completed എന്നെഴുതി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. പണി പൂർത്തീകരിച്ചവരുടെ പേര് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2) ഭവന നിർമ്മാണം- പണി പൂർത്തിയാക്കിയില്ല -ജനറൽ വിഭാഗം

ചേന്ദമംഗലം പഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട് മുൻവർഷങ്ങളിൽ ധനസഹായം ലഭിക്കുകയും എന്നാൽ രജിസ്റ്റർ പ്രകാരം നാളിതുവരെയായി പണി പൂർത്തിയാക്കാത്തതുമായ വ്യക്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് (ജനറൽ വിഭാഗം) | ലഭ്യമായ ഗഡുക്കൾ - തീയതി |
|---|---|---|
| 1 | ബാബു ബാവേലിൽ | 1) 40,000/- 15.03.2022<br>2) 1,60,000/- 19.08.2023<br>ആകെ - 2 ലക്ഷം |
| 2 | പുഷ്പ ഗോപി | 1) 40,000/- 15.03.2022 |
| 3 | നീതു.വി.ഡി | 1) 40,000/- 31.03.2023<br>2) 1,60,000/- 31.03.2023<br>ആകെ - 2 ലക്ഷം |

കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് ചേന്ദമംഗലം പഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കൾക്ക് ഹഡ്കോ ലോൺ സമയബന്ധിതമായി ലഭിക്കാത്തതിനാലാണ് തുക നൽകാൻ സാധിക്കാതിരുന്നത് എന്ന് വി.ഇ.ഒ അറിയിച്ചു. ഹഡ്കോ ലോൺ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതും പണി പൂർത്തിയാക്കി തുക പ്രസ്തുത ഗുണഭോക്താക്കൾക്ക് കൈമാറുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

3) ലൈഫ് ഭവന നിർമ്മാണം- പണി പൂർത്തിയാക്കിയില്ല -എസ്.സി വിഭാഗം

കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ പണി പൂർത്തീകരിക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് (എസ്.സി വിഭാഗം) | ലഭ്യമായ ഗഡുക്കൾ - (തീയതി) |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീജിത്ത്.കെ | 1)40,000/- (23.03.2021)<br>2) 1,00,000/- (26.03.2022)<br>3) 60,000/- (30.03.2022)<br>4) 1,00,000/- (30.12.22)<br>5) 50,000/- (21.06.2023)<br>ആകെ - 3,50,000 |
| 2 | അനിൽ.ജി.ആർ | 1)40,000-23.03.2021<br>2) 40,000/-(30.09.2021)<br>3) 1,00,000/- (30.09.2021)<br>4) 80,000/- (22.11.2021)<br>5) 20,000/- (22.11.2021)<br>6) 50,000/- (02.12.2022)<br>ആകെ - 3,30,000 |
| 3 | രാജി.ഒ.എൻ | 1) 40,000/- (26.03.2022)<br>2) 1,60,000/- (31.08.2022)<br>3) 1,00,000/- (21.10.2022)<br>4) 50,000/- (28.11.2022)<br>ആകെ - 3,50,000 |
| 4 | ഗോപാലകൃഷ്ണൻ | 1) 40,000/ - (14.03.2022)<br>2) 69074/- (26.03.2022)<br>3) 90926/- (30.03.2022)<br>4) 1,00,000/- (07.07.2022)<br>5) 60,000- (23.11.2022)<br>ആകെ - 3,60,000/- |
| 5 | സുമ മുണ്ടപ്പിള്ളി | 1)40,000- (14.03.2022)<br>ആകെ - 40,000/- |
| 6 | ബിന്ദു.കെ.ടി | 1)40,000/- (09.12.2022)<br>2)1,60,000/- (13.01.2022)<br>3)1,00,000/- (24.02.2022)<br>4)50,000/- (16.03.2022)<br>5) 40,000/- (07.07.2023)<br>ആകെ -3,90,000/- |
| 7 | ചിപ്പി.ടി.കെ | 1) 10,604/- (28.03.2023)<br>2) 29,396/- (28.03.2023)<br>3) 40,000/- (22.06.2023)<br>ആകെ - 80,000/- |

കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാത്തതിന് നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ സ്റ്റേറ്റ് വിഹിതം ലഭ്യമായിട്ടില്ലെന്നും ഗ്രാമ, ബ്ലോക്ക്, ജില്ലാ വിഹിതങ്ങൾ ലഭിച്ചതിനാലാണ് ടി തുകകൾ എല്ലാ ലൈഫ് ഗുണഭോക്താക്കൾക്കും നൽകാൻ സാധിച്ചതെന്നും ചില ഗുണഭോക്താക്കളുടെ വീടിന്റെ പണി കഴിഞ്ഞിട്ടുള്ളതായും എന്നാൽ ഇതുവരെ തുക നൽകുവാൻ സാധിച്ചിട്ടില്ല എന്നും അറിയിച്ചു. ഭവന നിർമ്മാണം പൂർത്തിയാക്കി തുക നൽകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി ചേന്ദമംഗലം നിർവ്വഹണം നടത്തിയ താഴെ സൂചിപ്പിച്ചിരിക്കുന്ന 3 പ്രോജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL) തുക കൈമാറിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതായി കാണുന്നു.

1)

| പ്രോജക്ടിന്റെ നം, പേര് | S0050/23, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ |
|---|---|
| അടങ്കൽ (ഫണ്ട്) | 1) 321930 (വികസന ഫണ്ട്-ജനറൽ)<br>2) 1,00,000 (ബ്ലോക്ക് വിഹിതം)<br>3) 521000(സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 1) 321480(വികസന ഫണ്ട്-ജനറൽ)<br>2) 1,00,000 (ബ്ലോക്ക് വിഹിതം) |

| | |
|---|---|
| | 3) 520470 (സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ബിൽ നം/തിയതി - തുക | 1) 221103520143009978 84 / 06.01.2023 – 1,00,000/- (ബ്ലോക്ക് വിഹിതം)<br>2) 22110352014300956957 / 28.12.2022 – 371400/- (സംരക്ഷണ ഗ്രാന്റ് - റോഡിതരം)<br>3. 187/4.1.23-38130/- (സംരക്ഷണ ഗ്രാന്റ്- റോഡിതരം)<br>4. 208/28.01.23-40685/- (MG-NR)<br>5. 263/25.02.23-38980/- (MG-NR)<br>6. 370/24.03.23-31275/- (MG-NR)<br>7. 4/30.5.22-75540/- (വികസന ജനറൽ)<br>8. 14/1.7.22-37770/- (വികസന ജനറൽ)<br>9. 62/3.9.22-82380/- (വികസന ജനറൽ)<br>10. 89/1.10.22-38130/- (വികസന ജനറൽ)<br>11. 118/29.10.22-38130/- (വികസന ജനറൽ)<br>12. 145/29.11.22-38130/- (വികസന ജനറൽ)<br>13. 392/28.03.23-11400/- (വികസന ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേന്ദമംഗലം |

A) മേൽ ക്രമ നം.1 ബിൽ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി KMSCL ന് അവരുടെ പ്രഫോർമ ഇൻവോയ്സ് നം.PRF3248/28.12.2022 പ്രകാരം 1 ലക്ഷം രൂപ നൽകി.എന്നാൽ ടി തുകക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.
B) ക്രമ നം.2 ബില്ല് പ്രകാരം (പ്രഫോർമ ഇൻവോയ്സ് നം.PRF3160/24.12.2022) 3,71,400/- രൂപ KMSCL ന് കൈമാറിയിട്ടുണ്ട്. താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 145220/- രൂപക്കുള്ള മരുന്ന് ലഭിച്ചിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | 12369 /11.07.2023 | 43596 |
| 2 | 12636/13.07.2023 | 7435 |
| 3 | 16147/16.08.2023 | 17469 |
| 4 | 16997/23.08.2023 | 1456 |
| 5 | 14104/27.07.2023 | 75264 |
| | ആകെ | 145220 |

ബാക്കി 2,26,180/- രൂപക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല.
2)

| | |
|---|---|
| പ്രോജക്റ്റിന്റെ നം, പേര് | S0051/23,കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ (ഫണ്ട്) | 2 ലക്ഷം (സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 2 ലക്ഷം (സംരക്ഷണ ഗ്രാന്റ് - റോഡിതരം) |
| ബിൽ നം/തീയതി | 22110352014300982964/05.01.2023 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേന്ദമംഗലം |

മരുന്ന് വാങ്ങുന്നതിനായി ആകെ 2 ലക്ഷം രൂപ ചെലവഴിച്ചു. ഇതിൽ 116438/- രൂപ KMSCL നും ബാക്കി 83562/- രൂപ സപ്ലൈകോക്കുമാണ് നൽകിയത്. സപ്ലൈകോയിൽ നിന്നുള്ള മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടുണ്ട്. KMSCL ന്റെ പ്രഫോർമ ഇൻവോയ്സ് നം.PRF3256/28.12.2022പ്രകാരം തുക നൽകിയതിൽ ആകെ 58238/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | 24291 /31.01.2023 | 924 |
| 2 | 24425/01.02.2023 | 3517 |
| 3 | 28272/30.03.2023 | 1008 |
| 4 | 269/04.04.2023 | 784 |

| | | |
|---|---|---|
| 5 | 2221/06.05.2023 | 2688 |
| 6 | 2517/08.05.2023 | 2083 |
| 7 | 6843/31.05.2023 | 7181 |
| 8 | 8585/10.06.2023 | 3360 |
| 9 | 10184/21.06.2023 | 20433 |
| 10 | 13024/15.07.2023 | 6966 |
| 11 | 14443/28.07.2023 | 8526 |
| 12 | 16403/18.08.2023 | 768 |
| | ആകെ | 58238 |

ബാക്കി 58,200/- രൂപക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല.
3)

| | |
|---|---|
| പ്രോജക്ടിന്റെ നം, പേര് | S0257/23, അതിദരിദ്രരായവർക്ക് മരുന്ന് നൽകൽ |
| അടങ്കൽ (ഫണ്ട്) | 1 ലക്ഷം (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 83889 /- |
| ബിൽ നം/തീയതി | 22110352014301577081/31.03.2023 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, ചേന്ദമംഗലം |

ആകെ 83889/- രൂപ മരുന്നിനായി ചെലവഴിച്ചതിൽ സപ്ലൈകോയിൽ നിന്ന് വാങ്ങിയ 4015/- രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. PRF3964/28.01.2023 പ്രകാരം KMSCL ൽ നിന്നുള്ള 79874 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക നൽകിയെങ്കിലും, താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ആകെ 39105/- രൂപക്കുള്ള മരുന്നേ ലഭ്യമായതായി കാണുന്നുള്ളൂ.

| ക്രമ നം | ഇൻവോയ്സ് നം/തീയതി | തുക |
|---|---|---|
| 1 | 4120 /18.05.2023 | 5398 |
| 2 | 5657/24.05.2023 | 12751 |
| 3 | 5666/24.05.2023 | 3880 |
| 4 | 6893/31.05.2023 | 2465 |
| 5 | 6890/31.05.2023 | 491 |
| 6 | 8395/09.06.2023 | 1928 |
| 7 | 10388/23.06.2023 | 2773 |
| 8 | 11075/30.06.2023 | 325 |
| 9 | 12769/14.07.2023 | 6532 |
| 10 | 13251/18.07.2023 | 1393 |
| 11 | 14592/29.07.2023 | 818 |
| 12 | 16126/16.08.2023 | 90 |
| 13 | 17025/23.08.2023 | 261 |
| | ആകെ | 39105 |

ബാക്കി 40769/- രൂപക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല.

ഇപ്രകാരം ആകെ 4,25,149/- രൂപയുടെ ( 100000+ 226180+ 58200+ 40769 ) മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/17.11.2023 ന് മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി തന്നിട്ടുണ്ട്. അതുവരെ ലഭ്യമാകാത്ത മരുന്നുകളുടെ ചെലവ് തുക ₹4,25,149/- തടസ്സപ്പെടുത്തുന്നു.

1-19 സാക്ഷരതാ തുടർവിദ്യാഭ്യാസം - രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പ്രോജക്ട്, നമ്പർ | സാക്ഷരതാ തുടർ വിദ്യാഭ്യാസം,137/23 |
| ഫണ്ടിനം | വികസനഫണ്ട് |
| അടങ്കൽ | 37,000/- |
| ചെലവ് | 37,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്,ഗവ എൽ.പി.സ്കൂൾ |

2022-23 സാമ്പത്തികവർഷം ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ സാക്ഷരതാ

തുടർവിദ്യാഭ്യാസം എന്ന പദ്ധതിയിൽ (137/23) ₹37,000/- ചെലവഴിച്ചിട്ടുള്ളതാണ്. 10 പഠിതാക്കളുടെ കോഴ്സ് ഫീസായി ₹22,000/- യും സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന്റെ തുകയായി ₹5,000/-യും അടക്കം ₹27,000/-17.03.2023ലെ ബിആർഎൻ 22110352020401384017 പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. ഇതിനുപുറമേ ₹6,800/- ഭക്ഷണത്തിനായി കുടുംബശ്രീക്ക് അനുവദിച്ചതിന്റെയും ₹3,200/- മെമന്റോ വാങ്ങിയതിന്റെയും ചെലവായി ക്ലെയിം ചെയ്തത് 28.3.2023 ലെ ബിആർഎൻ 22110352020401531026 പ്രകാരവും അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവഴിച്ച ₹10,000/-യുടെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14/20.11.2023) ലഭിച്ച മറുപടിയിൽ പഠിതാക്കളുടെ സംഗമം നടത്തിയതിന്റെ ചെലവാണ് എന്ന് ഹെഡ്മിസ്ട്രസ് മറുപടി നല്കി. എന്നാൽ സംഗമം നടത്തിയതിന്റെ തെളിവുകളോ, സംഗമത്തിൽ പങ്കെടുത്തവരുടെ വിവരമോ മെമന്റോ വിതരണം ചെയ്ത വിവരമോ സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്ത വിവരമോ ഒന്നും ഹാജരാക്കിയിട്ടില്ല. ചെലവുരേഖകളുടെ അഭാവത്തിൽ പ്രസ്തുത ചെലവുതുക ₹15,000/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 വിനിയോഗ സാക്ഷ്യപത്രവിവരം ലഭ്യമല്ല-തുക തടസപ്പെടുത്തുന്നു

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ ചുവടെ ചേർക്കുന്നവയുടെ വിനിയോഗ സാക്ഷ്യപത്രവിവരം ലഭ്യമല്ലാത്തതിനാൽ ചെലവുതുക തടസപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | ഫണ്ടിനം | ചെലവുതുക | ബിൽ/ വൗച്ചർനം/ തീയതി/ | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | - | പോസ്ററ് മാററൽ | തനതുഫണ്ട് | 6912/- | 22200117/ 20.5.2022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 2. | 5/23 | പൈപ്പ് ലൈൻ എക്സ്ററൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാൻറ് | 323000/- | 116/28.10.2022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 3. | 102/23 | ഐ.കെ.എം വിഹിതം | വികസന ഫണ്ട് | 71315/- | 54/31.08.2022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 4. | 117/23 | പൊതുടാപ്പ് കുട്ടുചെയ്യുന്നതിനു വാട്ടർഅതോറിറ്റിക്ക് പണം നല്കൽ | വികസന ഫണ്ട് | 340000/- | 224/3.2.2023 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 5. | - | പോസ്ററ് മാററൽ | തനതുഫണ്ട് | 18714/- | 22200728/ 7.11.2022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 6. | 2/23 | സ്ട്രീററ് ലൈൻ എക്സ്ററൻഷൻ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 429615/- | 451/31.3.2023 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| 7. | 115/23 | പോസ്ററ് മാററൽ | വികസന ഫണ്ട് | 130361/- | 29/16.08.2022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| | | ആകെ | | 1319917/- | | |

## 1-21 തെരുവുവിളക്കുകളുടെ പരിപാലനം

2022-23 സാമ്പത്തികവർഷം തെരുവുവിളക്കുകളുടെ പരിപാലനത്തിനായി 2021-22 സാമ്പത്തിക വർഷം ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ടു ചെയ്ത എയർമെക്ക് എയർകണ്ടീഷനിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ഒരു വർഷത്തേക്ക് 27.7.2021ൽ കരാർ (നം. A1-4948/2021) ചമച്ചിട്ടുള്ളതാണ്. എന്നാൽ കരാറിൽ പറഞ്ഞിട്ടുള്ളതിൻപടി പ്രവൃത്തികൾ ചെയ്യാത്തതിനാൽ അവരുമായുള്ള കരാർ ഉടമ്പടി റദ്ദാക്കുന്നതായി 4.2.2021ൽ എ1-876/2021 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുള്ളതാണ്. കരാർ വ്യവസ്ഥപ്രകാരമുള്ള പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് 18 മെമ്പർമാരും സാക്ഷ്യപ്പെടുത്തിയിട്ടും 25.03.2022ൽ ₹99,466/- അനുവദിച്ചതിനു വിശദികരണം നൽകേണ്ടതാണ് എന്ന 21.11.23ലെ 22-ാം നമ്പർ എൻക്വയറിക്കു മറുപടി ലഭ്യമാക്കി. അതിൻ പ്രകാരം പഞ്ചായത്ത് കമ്മിററിയുടെ തീരുമാനപ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധനയിൽ ഈ ഏജൻസി കരാർ പ്രകാരം പ്രവർത്തിച്ചിട്ടില്ല എന്നതിനുള്ള പരാതികളും, മെമ്പർമാരുടെ റിമാർക്സും കാണുന്ന സ്ഥിതിക്ക് ഈ ഏജൻസിക്ക് രണ്ടാമത്തെ ഗഡു അനുവദിച്ചത് അംഗീകരിക്കാനാവില്ല. ഇടയ്ക്ക് വെച്ച് പ്രവൃത്തി നിർത്തിയാൽ കമ്പനിയുടെ നഷ്ടോത്തരവാദിത്തത്തിലായിരിക്കും എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ₹31,000/-യുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്. എന്നിരുന്നാലും ₹68,466/- നഷ്ടം ഉണ്ടായിട്ടുണ്ട്. സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ 68,466/- രൂപയുടെ നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം ഈ ഏജൻസിക്ക് പണമൊന്നും നല്കിയിട്ടില്ല. പുതിയതായി കരാർ ഏറ്റെടുത്തിട്ടുള്ള ഏജൻസിയുടെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.

## 1-22 മഴക്കാല പൂർവ്വ ശുചീകരണം

18 വാർഡുകളിലെ മഴക്കാല പൂർവ്വ ശുചീകരണത്തിനായി തൻവർഷം 3,60,000/- രൂപ വൗച്ചർ 22200117/20.05.2022 പ്രകാരം വാർഡ് സാനിറ്റേഷൻ സമിതിക്ക് അനുവദിച്ചിരുന്നു. ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാക്കിയത് സംബന്ധിച്ച് 21.11.2023 ൽ നല്കിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ലഭ്യമായിട്ടില്ല എന്ന മറുപടി നൽകി. ശുചിത്വമിഷൻ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരിക്കുകയാണ്. ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. വാർഡുകളുടെ ചെലവു രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. എൻ.എച്ച്.എം ഫണ്ടിന്റെ ചെലവ്, പഞ്ചായത്ത് ഫണ്ടിന്റെ ചെലവ് എന്നിവ ഒരുമിച്ചാണ് സൂക്ഷിച്ചിട്ടുള്ളത്. ഭാവിയിൽ ചെലവ് രേഖകൾ പ്രത്യേകം പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## 1-23 ഗ്യാസ് ക്രിമറ്റോറിയം-എ.എം.സി നൽകിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട്, നമ്പർ | ഗ്യാസ് ക്രിമറ്റോറിയത്തിന് എ.എം.സി, – 62/23 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 1,17,750/- |
| ചെലവ് | 32,250/- |
| ബിൽ നമ്പർ/തീയതി | 11/21.06.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ 2017 ൽ സ്ഥാപിച്ച ഗ്യാസ് ക്രിമറ്റോറിയത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചിരുന്നില്ല എന്ന പരാതിയെ തുടർന്ന് 18.10.2021-ൽ എറണാകുളം ജില്ലാകളക്ടറുടെ DCEKM/6263-2011-M5/11.10.2021 നമ്പർ നിർദ്ദേശപ്രകാരം പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതാണ്. കോടതി നിർദ്ദേശത്തെ തുടർന്ന് 22.4.2022ൽ ₹46,725/-മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിക്കുന്നതിനായി ബോർഡിന് നൽകിയിട്ടുണ്ട്. എന്നാൽ ബോർഡിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൂടാതെ സേഫ്റ്റി എനർജി ആന്റ് എൺവയോൺമെന്റ് സർവ്വീസസ്, വടക്കുംപുറം എന്ന സ്ഥാപനത്തിന് ഒരു വർഷത്തെ എ.എം.സി നൽകിയതായി കാണുന്നു. പ്രവർത്തനം നിർത്തിവച്ചിട്ടും തൻവർഷം എ.എം.സി നൽകിയതു സംബന്ധിച്ച് 21.11.2023 ൽ നല്കിയ 18-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ യന്ത്രങ്ങൾ തുരുമ്പെടുത്തു നശിക്കാതിരിക്കാനാണെന്നു അറിയിച്ചിട്ടുണ്ട്. എന്നാൽ ഏജൻസി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയതായി കാണുന്നില്ല. ആയതിനാൽ ഏജൻസിക്കു അനുവദിച്ച ₹32,250/-തടസ്സത്തിൽ വെയ്ക്കുന്നു.

## 1-24 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ-പൂർത്തീകരണ വിവരം അറിയിക്കണം

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ്.0090/2023, റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ |
| അടങ്കൽ | 54,000/- (തനതു ഫണ്ട്) |

| | |
|---|---|
| ചെലവ് | വൗച്ചർ നം 22200791/18.10.2022- ₹ 19,800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് 3000/- രൂപ വീതം ആകെ 18 വാർഡിന് 54,000/- രൂപയുടെ പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തിക്കായി തൻവർഷം ചെലവഴിച്ച ₹19,800/- സർവ്വേക്കായി നിയോഗിക്കപ്പെട്ട താഴെ പറയുന്നവരുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം. | പേര് | തുക ₹ |
|---|---|---|
| 1 | അജീഷ്.സി.എസ് | 9,900 |
| 2 | ഷീൻ പി.എസ് | 9,900 |
| | ആകെ | 19,800 |

പ്രവൃത്തിയുടെ പൂർത്തീകരണവിവരം അറിയിക്കേണ്ടതും അതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/22.11.2023) ആദ്യഘട്ട സർവ്വേ മാത്രമാണ് പൂർത്തിയായിട്ടുള്ളതെന്നും, പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 1-25 മാലിന്യം കൊണ്ടു പോകുന്നതിന്റെ ചെലവിനോടൊപ്പം ജി.എസ്.ടി കൂടി അനുവദനീയമല്ല

2022-23 സാമ്പത്തികവർഷം ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ എംസിഎഫിൽ നിന്നും ഖരമാലിന്യങ്ങൾ കൊണ്ടുപോയതിന് ഒരു കിലോഗ്രാമിന് 7.5 രൂപ നിരക്കിൽ 3 ലോഡിന് (6785കി.ഗ്രാം.) 60047/- രൂപ എം ആർ എം എക്കോ സൊല്യൂഷൻ എന്ന സ്ഥാപനത്തിന് വൗച്ചർ നമ്പർ 22200959/9.1.2023 പ്രകാരം നല്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ മാലിന്യം നീക്കിയതിന്റെ ചാർജ്ജ് 50887.5 രൂപയും ജി.എസ്.ടി (18%നിരക്കിൽ) 9159.75 രൂപയും ഉൾപ്പെടുന്നു. എന്നാൽ സർക്കുലർ നം. 51/25/2018-GST, തീയതി. 31.07.2018 പ്രകാരം പാഴ്‌വസ്തുക്കളുടെ നീക്കം ചെയ്യൽ പ്രവർത്തനങ്ങൾ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ എം ആർ എം എക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ Tax Invoice No.MRM003891/1.12.2022 പ്രകാരം 3 ലോഡ് മാലിന്യം കൊണ്ടു പോകുന്നതിന് 9159.75/- രൂപ നൽകിയത് ക്രമ പ്രകാരമല്ല.

മാലിന്യം കൊണ്ടു പോകുന്നതിന്റെ ചെലവിനോടൊപ്പം ജി.എസ്.ടി കൂടി അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്. തുക 9160/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-26 പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല.

2022-23 സാമ്പത്തികവർഷം ₹3,00,000/- അടങ്കൽ തുകയ്ക്ക് സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. അലങ്കാര മത്സ്യവിത്തുല്പാദനവും വളർത്തലും എന്ന പ്രോജക്ട് നടപ്പിലാക്കാത്തതിനു വിശദീകരണം നല്കുന്നതിന് 22.11.2023 ൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 26ന് മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 ഇലക്ഷൻ ഡെപ്പോസിറ്റ്-തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

2022-23 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം 340100303 - Election Deposit എന്ന ഹെഡിൽ ₹36,500/- നീക്കിയിരുപ്പുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം ഇപ്രകാരം തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇലക്ഷൻ കഴിഞ്ഞ് മൂന്ന വർഷത്തോളമായിട്ടും ഇപ്രകാരം ചെയ്തതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.01/16.11.2023) കമ്മിറ്റി തീരുമാനമെടുത്ത് തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഇലക്ഷൻ ഡെപ്പോസിറ്റിൽ നീക്കിയിരിപ്പുള്ള തുക തനതുഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഗ്രാമവണ്ടിയുടെ ഡീസൽ ഉപയോഗം

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ സർവീസ് നടത്തുന്ന ഗ്രാമവണ്ടിയുടെ ഡീസൽ ഉപയോഗത്തിൽ ഒരേ ദൂരത്തിനു വിവിധ ദിവസങ്ങളിൽ വ്യത്യസ്ത നിരക്കിൽ ഡിമാന്റ് ചെയ്യുന്നതായി കാണുന്നു. ഉദാഹരണമായി 27.12.2022-ൽ 26 ലിറ്റർ, 5.12.2022-ൽ 36 ലിറ്റർ, 9.1.2023 ൽ 28 ലിറ്റർ, 11.1.2023-ൽ 37 ലിറ്റർ, 14.02.2023-ൽ 28 ലിറ്റർ, 23.2.23 -ൽ 34 ലിറ്റർ. ഇത്തരത്തിൽ നടത്തിയ വ്യത്യസ്ത ഡിമാന്റുകൾ സംബന്ധിച്ച 22.11.2023 ൽ നല്കിയ ഓഡിറ്റ് എൻക്വയറി 27 ന മറുപടി ലഭിച്ചില്ല. ഈ വിഷയത്തിലേക്ക അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 മരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000/- രൂപ, കൂടിയത് 50000/- രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000/- രൂപ, കൂടിയത് 100000/- രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ ഇത് സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനുമായി ആശയവിനിമയം നടത്തുകയോ, ചെയ്തിട്ടില്ല. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| 1) 72/23, എസ് എൻ റോഡ് റീടാറിംഗ് (വാർഡ്- 7) | |
|---|---|
| അടങ്കൽ | ₹7,76,898/- (മെയിന്റനൻസ് ഫണ്ട്-റോഡ്-5,76,898/-+2,00,000/-സി.എഫ്.സി.ഗ്രാന്റ്) |
| ചെലവ് | ₹7,74,709/-(28/19.01.2023)} |
| PAC | ₹6,92,625/- |
| കരാറുകാരൻ | അച്ചു.കെ.എസ് |
| എഗ്രിമെന്റ് നം: | 52/AE/CHM/2021-22, തീയതി.23.02.2022 |
| അളവു പുസ്തകം നം. | ഇ -എം.ബുക്ക്. |
| പൂർത്തീകരണ കാലാവധി | 22.08.2022 |
| പൂർത്തീകരിച്ച തിയതി | 28.03.2023 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹20,778/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹20,778/- |

| 2) 67/23, സഹകരണ റോഡ് ബാലൻസ് പോർഷൻ റീടാറിംഗ് (വാർഡ്- 18)( SO113/21) | |
|---|---|
| അടങ്കൽ | ₹1,76,000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) |
| ചെലവ് | ₹1,75,189/-(293/03.03.2023)} |
| PAC | ₹1,56,419/- |
| കരാറുകാരൻ | ശക്തിധരൻ പി.എസ്. |
| എഗ്രിമെന്റ് നം: | 64/AE/CHM/2020-21, തീയതി.28.02.2020 |
| അളവു പുസ്തകം നം. | 363/2021-22 |
| പൂർത്തീകരണ കാലാവധി | 28.08.2020 |
| പൂർത്തീകരിച്ച തിയതി | 28.01.2023 |
| ഈടാക്കിയ പിഴ | 0 |

| | |
|---|---|
| ഈടാക്കേണ്ടിയിരുന്നത് | ₹4,693/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹4,693/- |

| 3) 66/23, മാളിയേക്കൽ ലിങ്ക് റോഡ് റീടാറിംഗ് (വാർഡ്-18)( S0121/21) | |
|---|---|
| അടങ്കൽ | ₹3,89,000/- (സി.എഫ്.സി ഗ്രാന്റ്-ബേസിക്) |
| ചെലവ് | ₹3,59,451/-(292/03.03.2023)} |
| PAC | ₹3,34,122/- |
| കരാറുകാരൻ | ശക്തിധരൻ പി.എസ്. |
| എഗ്രിമെന്റ് നം: | 42/AE/CHM/2020-21, തീയതി.04.09.2020 |
| അളവു പുസ്തകം നം. | 366/2021-22 |
| പൂർത്തീകരണ കാലാവധി | 03.03.2021 |
| പൂർത്തീകരിച്ച തിയതി | 28.01.2023 |
| ഈടാക്കിയ പിഴ | 0 |
| ഈടാക്കേണ്ടിയിരുന്നത് | ₹10,024/- (3% Of PAC) |
| ആകെ ഈടാക്കേണ്ട തുക | ₹10,024/- |

ഇതിൽ ക്രമ നം 2,3 എന്നീ പ്രവൃത്തികൾ 2019-20 ൽ ആവിഷ്കരിച്ച പ്രോജക്ടുകളാണ്. പിന്നീട് 2020-21 സ്പിൽ ഓവർ പ്രോജക്ടാക്കിയെങ്കിലും നടപ്പിലാക്കിയില്ല. മേൽ രണ്ട് പ്രവൃത്തികളുടേയും കരാറേറ്റെടുത്തിരുന്ന വ്യക്തി തനിക്ക് കോവിഡ് ന്യൂമോണിയ ബാധിച്ച് ചികിൽസയിൽ ആയിരുന്നുവെന്നും, കരാറേറ്റെടുത്തിട്ടുള്ള രണ്ട് പ്രവൃത്തികളിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 30.12.2021 ൽ കത്ത് നൽകിയതായി കാണുന്നു. എന്നാൽ അതിൻമേൽ നടപടിയൊന്നും സ്വീകരിച്ചില്ല. പിന്നീട് 28.01.2023 ലാണ് (2022-23 സാമ്പത്തിക വർഷം) ആ കരാറുകാരനെ കൊണ്ട് തന്നെ പ്രവൃത്തി പൂർത്തിയാക്കി തുക നൽകിയിട്ടുള്ളത്. ഇതിലേക്കായി സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുന്നതിനായി 14.02.2023 തീയതിയിലെ മുദ്രപത്രം ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ രോഗാവസ്ഥ മൂലം തന്നെ ഒഴിവാക്കണമെന്നാവശ്യപ്പെട്ടിട്ടും, അപ്രകാരം ചെയ്യാതെ രണ്ട് വർഷം കഴിഞ്ഞ് ആ കരാറുകാരനെ കൊണ്ട് തന്നെ പ്രവൃത്തി നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 2012 ലെ കേരള PWD മാന്വലിലെ നിർദ്ദേശങ്ങളൊന്നും പാലിച്ചതായി കാണുന്നില്ല. മേൽ പ്രവൃത്തികളിൽ പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് ( 20/21.11.2023) ചുവടെ ചേർക്കുന്ന മറുപടി ലഭ്യമാക്കുകയുണ്ടായി.

ക്രമ നം 1 ലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ആദ്യമായാണ് ടാറിംഗ് പ്രവൃത്തികൾ ഏറ്റെടുത്തതെന്നും, ഇക്കാരണത്താൽ ടാർ നൽകുന്ന കമ്പനികളിൽ അക്കൗണ്ട് തുടങ്ങി ടാർ ലഭിക്കാൻ വൈകിയതുമൂലമാണ് പ്രവൃത്തി വൈകിയത്. ക്രമ നം 2,3 എന്നിവയിലെ കരാറുകാരൻ കോവിഡ് ന്യൂമോണിയ മൂലം പ്രവൃത്തി ചെയ്യാൻ പറ്റാത്ത സാഹചര്യത്തിലായിരുന്നെന്നും, കരാറിൽ നിന്നും ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കോവിഡ് കാലത്ത് പിഴ കൂടാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകാൻ സർക്കാർ അനുമതി (GO(Rt) No 1444/2021/LSGD Dated 31.07.2021) ഉണ്ടായിരുന്നതായും, അതിനാൽ പ്രവൃത്തിയുടെ കരാർ റദ്ദാക്കാതെ, എസ്റ്റിമേറ്റിലെ അതേ നിരക്കിൽ പ്രവൃത്തി പൂർത്തിയാക്കുകയുമായിരുന്നു. കരാർ റദ്ദ് ചെയ്ത് പുതിയ പ്രവൃത്തിയായി ചെയ്താൽ പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവരികയും, അത്തരത്തിൽ വരുന്ന അധികച്ചെലവ് ഒഴിവാക്കുകയെന്ന സദുദ്ദേശത്തോടെയാണ് പ്രവൃത്തി ആദ്യ കരാറുകാരനെ കൊണ്ടുതന്നെ പൂർത്തിയാക്കിച്ചതെന്നും അറിയിച്ചു.

വിശദമായ മേൽ മറുപടി അംഗീകരിക്കുന്നു. എന്നാൽ മരാമത്ത് പ്രവൃത്തികളുടെ കാലാവധി നീട്ടിക്കൊടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളുടെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ തടസ്സങ്ങൾ നേരിട്ടാൽ അത് രേഖപ്പെടുത്തി വയ്ക്കുന്നതിന് തടസ്സ വിവര രജിസ്റ്റർ (Hindrance Register) സൂക്ഷിക്കേണ്ടതാണ്. വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി ദീർഘിപ്പിക്കേണ്ടി വന്നാൽ ഫൈനൽ ബില്ലിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്.

## 1-30 കോട്ടയിൽ കോവിലകം ഗ്യാസ് ക്രിമറ്റോറിയം -പ്രവർത്തനക്ഷമമാക്കണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S0185/23, കോട്ടയിൽ കോവിലകം ഗ്യാസ് ക്രിമറ്റോറിയം മെയിന്റനൻസ്. |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി അടങ്കൽ | ₹ 3,71,900/-( വികസന ഫണ്ട് ജനറൽ- ₹3,10,000 + ₹67,900 സി എഫ്.സി ഗ്രാന്റ്-) |

| | |
|---|---|
| കരാറുകാരൻ | ശ്രീ. സാലി പി.ജെ. |
| കരാർ ഉടമ്പടി നം., തുക | 10/AE/CHM/22-23 തീയതി.21.11.2022. (₹3,03,697/- ) + 18 % GST. |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | ഇ-എം ബുക്ക്. പ്രവൃത്തിമൂല്യം - ₹2,96,571 + 18 % GST. = ₹3,49,954/- ആകെ ₹349954/- |
| ചെലവ് വിവരം | ₹3,10,000/- (ബിൽ നം 321/15.03.2023) 39,954/-(ബിൽ നം 322/15.03.2023) |

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിലെ 10ാം വാർഡിൽ പ്രവർത്തിച്ചുവന്നിരുന്ന പൊതുശ്മശാനം ശാസ്ത്രീയമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായി 27.10.2017 ൽ എം പി ഫണ്ട് വിനിയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തി ഗ്യാസ് ക്രിമറ്റോറിയമാക്കി മാറ്റി പ്രവർത്തനം നടന്നുവരികയായിരുന്നു. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റേയും, അഗ്നിരക്ഷാ വകുപ്പിന്റേയും അനുമതിയില്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. തുടർന്ന് സമീപവാസികളിൽ നിന്നും പരാതികളും, കോടതി വ്യവഹാരവുമുണ്ടായിട്ടുണ്ട്. പരാതിക്കാരിലൊരാൾ ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No 23419/2021 04.04.2022 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ക്രിമറ്റോറിയം പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കാനും, മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരോട് സ്ഥലം പരിശോധിച്ച് പ്രവർത്തനാനുമതി ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ റിപ്പോർട്ട് ചെയ്യുവാനും ആവശ്യപ്പെടുകയുണ്ടായി.

അതനുസരിച്ച് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ താഴെ പറയുന്ന ന്യൂനതകൾ പരിഹരിച്ച് റിപ്പോർട്ടു ചെയ്യുവാൻ 30.05.2022 ലെ PCB/ESC/COMP/NP/12 നം കത്ത് പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു.

1. പുകയും ശബ്ദവും നിയന്ത്രിക്കുന്നതിനായി ക്രിമറ്റോറിയത്തിന്റെ വശങ്ങൾ ഇഷ്ടിക/സിമന്റ് ബ്രിക്ക് കൊണ്ട് പൂർണ്ണമായും അടച്ചു കെട്ടുക.

2. ബ്ലോവർ/സ്ക്രബർ ചിമ്മിനി സംവിധാനം തൃപ്തികരമായി പ്രവർത്തിപ്പിക്കുക.

3. ബ്ലോവറിന് അക്കൗസ്റ്റിക് എൻക്ലോഷർ (Accoustic Enclosure)സംവിധാനം ഏർപ്പെടുത്തുക.

4. DG സെറ്റ് ചിമ്മിനിയുടെ ഉയരം കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നും 1.5 മീറ്ററായി വർദ്ധിപ്പിക്കുക.

കൂടാതെ പറവൂർ അഗ്നി രക്ഷാനിലയം സ്റ്റേഷൻ ഓഫീസറുടെ 25.01.2022 ലെ 24/2022 നം കത്തിൽ ഗ്യാസ് സിലിണ്ടറുകൾ ഓരോന്നും പ്രത്യേകം ഇഷ്ടിക/കോൺക്രീറ്റ് ബോക്സിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നു.

മേൽ ന്യൂനതകളിൽ സിവിൽ വർക്കുകളിൽ പെട്ടവ പരിഹരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കോട്ടയിൽ കോവിലകം ഗ്യാസ് ക്രിമറ്റോറിയം മെയിന്റനൻസ് എന്ന പേരിൽ 2022-23 ൽ ഒരു പ്രോജക്റ്റ് രൂപീകരിക്കുകയും (നം S0185/23) , ₹3,49,954/-ചെലവഴിച്ച് മേൽപ്രകാരം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടുണ്ടോയെന്നും, പ്രവർത്തനാനുമതി ലഭിച്ചോയെന്നുമുള്ള വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/21.11.2011) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ മെയിന്റനൻസ് പ്രവൃത്തിയുടെ ഭാഗമായി സ്റ്റീൽ വർക്ക് പൊളിച്ചു നീക്കിയപ്പോൾ ലഭിച്ച 426.80 കി.ഗ്രാം സ്റ്റീലിന് ₹37.42/-കി.ഗ്രാം നിരക്കിൽ ₹15,971/-വില നിശ്ചയിച്ചിട്ടുണ്ട്. ഇത് ലേലം നടത്തി വിൽപ്പന നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം.15/20.11.2011) മറുപടി ലഭ്യമാക്കിയില്ല.

ഗ്യാസ് ക്രിമറ്റോറിയത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കേണ്ടതാണ്. മറ്റ് പ്രവർത്തനാനുമതികളും ലഭ്യമാക്കി കോടതിയിൽ നിന്നു അനുകൂല ഉത്തരവ് നേടുന്നതിന് ശ്രമമുണ്ടാകേണ്ടതും, ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്. പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചു നീക്കിയ സ്റ്റീലിന്റെ ലേല വിവരവും അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ₹3,88,700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0116/23) | ₹3,88,700 | - |
| ബ്ലോക്ക് പഞ്ചായത്ത് | ₹2,50,000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (എസ്.0127/23) | ₹2,50,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | ₹1,00,000 | പാലിയേറ്റീവ് പരിചരണം (എസ്.0030/23) | ₹1,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹20,000 | വിശപ്പ് രഹിത കേരളം (എസ്.0145/23) | ₹20,000 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹1,00,000 | ലൈഫ് ഭവനപദ്ധതി-ജനറൽ(എസ്.0199/23) | ₹1,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹9,91,530 | ലൈഫ് ഭവനപദ്ധതി-എസ്.സി(എസ്.0200/23) | ₹9,91,530 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹1,00,000 | അതിദരിദ്രർക്ക് വീട് മെയിന്റനൻസ് (എസ്.0250/23) | ₹1,00,000 | |
| ബ്ലോക്ക് പഞ്ചായത്ത് | ₹3,63,525 | പെരിയാർ ലെയിൻ കോൺക്രീറ്റിംഗ് (എസ്.0178/23) | ₹3,63,525 | ഈ പ്രോജക്ട് പ്രകാരമുള്ള തുക ബ്ലോക്ക് പഞ്ചായതത് നേരിട്ട് ചെലവഴിച്ചതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല |
| ആകെ | ₹23,13,755 | | ₹23,13,755 | - |
| ജില്ലാ പഞ്ചായത്ത് | ₹2,34,030 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം (എസ്.0116/23) | ₹2,34,030 | - |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | ₹50,000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (എസ്.0127/23) | ₹50,000 | - |
| ജില്ലാ പഞ്ചായത്ത് | ₹3,15,000 | വിജയഭേരി സ്കോളർഷിപ്പ് (എസ്.0276/23) | ₹3,15,000 | |
| ജില്ലാ പഞ്ചായത്ത് | ₹3,30,752 | സുനാമി തീരദേശ റോഡ് നവീകരണം (എസ്. 0238/23) | ₹3,30,752 | - |
| ജില്ലാ പഞ്ചായത്ത് | ₹4,18,945 | ഔസോ റോഡിൽ കാന നിർമ്മാണം (എസ്.0155/23) | ₹4,18,945 | - |
| ജില്ലാ പഞ്ചായത്ത് | ₹4,26,626 | അംബേദ്കർ റോഡ് റീ ടാറിംഗും ഓട നിർമ്മാണം (എസ്.0160/23) | ₹4,26,626 | - |
| ജില്ലാ പഞ്ചായത്ത് | ₹5,21,065 | അഞ്ജലി റോഡ് മുതൽ പുഴയോരെ റോഡ് വരെ ഓട നിർമ്മാണം (എസ്.0110/23) | ₹5,21,065 | |
| ജില്ലാ പഞ്ചായത് | ₹9,97,506 | തെക്കേത്തുരുത്ത് ടെമ്പിൾ റോഡ് മെയിന്റനൻസ് ബാക്കി ഭാഗം (എസ്.0177/23) | ₹9,97,506 | |
| ജില്ലാ പഞ്ചായത് | ₹12,13,440 | ഭഗവതി വിലാസം റോഡ് കോൺക്രീറ്റിംഗും ഓട നിർമ്മാണവും (എസ്.0156/23) | ₹12,13,440 | |
| ജില്ലാ പഞ്ചായത് | ₹1,57,314 | പക്ഷണത്ത് കാട്ടിൽ ഹരിജൻ കോളനി റോഡ് മെയിന്റനൻസ് (എസ്.0094/23) | ₹1,57,314 | |
| ജില്ലാ പഞ്ചായത്ത് | ₹14,79,226 | വടക്കുംപുറം എസ്.എൻ റോഡ് മെയിന്റനൻസ് (എസ്.0086/23) | ₹14,79,226 | |
| ജില്ലാ പഞ്ചായത്ത് | ₹16,89,451 | ഭരണിമുക്ക് ആറങ്കാവ്പയ്യപ്പിള്ളി റോഡ് മെയിന്റനൻസ് (എസ്.0086/23) | ₹16,89,451 | |
| ആകെ | ₹78,33,355 | | ₹78,33,355 | - |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | എസ്0005/23 -കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 101/18.10.2022 | 1,00,108 | 0 | 1,00,108 |
| ,, | ,, | 116/28.10.2022 | 2,10,000 | 0 | 2,10,000 |
| ,, | ,, | 117/28.10.2022 | 12,892 | 0 | 12,892 |
| ,, | എസ്0117/23-കുടിവെള്ള പൈപ്പ് ലൈൻ | 22201049/ 03.02.2023 | 60,000 | 0 | 60,000 |

| | | | | | |
|---|---|---|---|---|---|
| | –പൊതുടാപ്പുകൾ വിഛേദിക്കൽ | | | | |
| ,, | ,, | 224/03.02.2023 | 2,80,000 | 0 | 2,80,000 |
| കെ.എസ്.ഇ.ബി | എസ്0002/23 -സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | 424/29.03.2023 | 99,463 | 0 | 99,463 |
| ,, | ,, | 441/30.03.2023 | 1,36,290 | 0 | 1,36,290 |
| | | 451/31.03.2023 | 1,93,862 | 0 | 1,93,862 |
| ,, | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22200117/20.05.22 | 6912 | 0 | 6912 |
| ,, | ,, | 22200728/07.11.22 | 18714 | 0 | 18714 |
| ,, | ,, | 29/16.08.22 | 130361 | 0 | 130361 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/ വായ്പാതിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടവിന്റേയും, വാർഷിക കണക്ക് പ്രകാരം വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി- ഹഡ്കോ ലോൺ | - | - | 3,72,31,837 | 42,62,860 | 0 | 3,29,68,977 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച ₹5,370/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2019-20 | 1-14 | 300/- | സുഭാഷ് എസ്.ഐ | 1220100846 തീയതി 01.07.2022 |
| 2019-20 | 1-14 | 300/- | ഡോ.ജയലളിത | 1220100851 തീയതി 01.07.2022 |
| 2021-22 | 1-13 | 600/- | മാനേജർ | 1220104735 തീയതി 08.03.2023 |
| 2021-22 | 1-13 | 360 | മാനേജർ | 1220104737 തീയതി 08.03.2023 |
| 2021-22 | 1-13 | 3150 | ഡേഫ്രഷ് ബേക്ക്സ് & ഫുഡ്സ് | 1220104742 തീയതി 08.03.2023 |
| 2021-22 | 1-13 | 660 | ആസിയ ഫുഡ്സ് | 1220104742 തീയതി 08.03.2023 |

| | ആകെ | 5,370/* | | |
|---|---|---|---|---|

*ലഭിച്ച തുക പ്രയർ പീരീഡ് ഇൻകം ഹെഡിലാണ് കണക്കിലെടുത്തിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ വരവൊന്നുമില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | - | തൊഴിൽ നികുതി | മറുപടി തയ്യാറാക്കി ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാകുന്നു. |
| 2015-16 | 2-2 | | | | |

4-9 ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 3,85,62,827 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 3,59,60,483 |
| വരവിനങ്ങളിലുള്ള നഷ്ടം | | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 18,01,476 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-18 | 4,25,149 | ഡോ.ജീന ജോസഫ്, മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, എഫ്.എച്ച്.സി ഗോതുരുത്ത് |
| 1-19 | 15,000 | ശ്രീമതി രാധികാ നായർ, ഹെഡ്മിസ്ട്രസ്സ് |
| 1-20 | 5,50,302 (6912+323000+71315+130361+18714) | റീന റാഫേൽ, സെക്രട്ടറി |
| ,, | 3,40,000 | സിന്ധു സി.ടി, സെക്രട്ടറി ഇൻ ചാർജ്ജ് |
| ,, | 4,29,615 | രേഖ ഫെർണ്ണാണ്ടസ്, സെക്രട്ടറി |
| 1-23 | 32,250 | റീന റാഫേൽ, സെക്രട്ടറി |
| 1-25 | 9,160 | റീന റാഫേൽ, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 18,01,476 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജീന ജോസഫ്, മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്, എഫ്.എച്ച്.സി | അസിസ്റ്റന്റ് സർജൻ, സി.എച്ച്.സി മാള -തൃശ്ശൂർ | ജി 3, ജയലക്ഷ്മി അപ്പാർട്ട്മെന്റ്, ജൂനിയർ ജനത റോഡ്, വൈറ്റില- 682019 |
| റീന റാഫേൽ, സെക്രട്ടറി | വിരമിച്ചു | കറുകയിൽ ഹൗസ്, സെന്റ് ആന്റണീസ് ലിങ്ക് റോഡ്, തൈക്കൂടം, വൈറ്റില പി.ഒ |
| സിന്ധു സി.ടി., സെക്രട്ടറി ഇൻ ചാർജ് | വിരമിച്ചു | വേലംപറമ്പിൽ ഹൗസ്, ചിറക്കകം, വരാപ്പുഴ. |
| രേഖ ഫെർണ്ണാണ്ടസ്, സെക്രട്ടറി | വിരമിച്ചു | ഫെർണ്ണാണ്ടസ് വില്ല, ചിറക്കടവം, കായംകുളം |
| ശ്രീമതി. രാധിക നായർ, ഹെഡ്മിസ്ട്രസ് | പ്രധാന അദ്ധ്യാപിക, ജിഎൽപിഎസ്, ചേന്ദമംഗലം | കിഴക്കേ കൂട്ടുങ്കൽ, ചേന്ദമംഗലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 6 |
| 2000-2001 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2001-2002 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 2 |
| 2002-2003 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2003-2004 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/ 709/2018 നമ്പർ കത്ത് | 1 |
| 2004-05 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/709/2018 നമ്പർ | 3 |

| | | |
|---|---|---|
| | കത്ത് | |
| 2005-06 | ഓഡിറ്റ് അദാലത്ത് 16.05.2019 ലെ റിപ്പോർട്ട് -22.07.2019 ലെ കെ.എസ്.എ –ഇ.കെ.എം/പി(12)/709/2018 നമ്പർ കത്ത് | 9 |
| 2006-07 | എൽ.എഫ്.ഇ(പി2) 751/10, 03.03.2011 | 2 |
| 2008-09 | എൽ.എഫ്.ഇ(പി2) 1751/11, 18.04.2012 | 4 |
| 2009-10 | എൽ.എഫ്.ഇ(പി2) 1758/11, 18.04.2012 | 0 |
| 2011-12 | എൽ.എഫ്.ഇ(പി2) 2234/11, 13.12.2013 | 2 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി10)295/15, 19.02.2015 | 8 |
| 2014-15 | എൽ.എഫ്.ഇ(പി10)1173/16, 16.07.2016 | 9 |
| 2015-16 | എൽ.എഫ്.ഇ(പി12)1924/16, 08.02.2016 | 7 |
| 2016-17 | എൽ.എഫ്.ഇ(പി12)1652/17, 14.09.2017 | 6 |
| 2017-18 | എൽ.എഫ്.ഇ(പി12)227/19, 21.03.2019 | 17 |
| 2018-19 | എൽ.എഫ്.ഇ(പി12)276/20, 11.03.2020 | 10 |
| 2019-20 | കെ.എസ്.എ - ഇ.കെ.എം (പി-12)183/2022/05/05/2022 | 19 |
| 2020-21 | കെ.എസ്.എ - ഇ.കെ.എം (പി-12)1183/2022 തീയതി 08/08/22 | |
| 2021-22 | കെ.എസ്.എ - ഇ.കെ.എം (പി-12)297/2023 തീയതി 01/04/2023 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chendamangalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chendamangalam Grama Panchayat for the year 2022-2023

Date: 16/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Chendamangalam Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.

4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting

software with other related softwares.

**2.Other Observations**

1. Cash Flow statement -Net increase/decrease in cash flow does not match withdifference between opening balance and closing balance of cash and cash equivalents does not match.
2. Non inclusion of Notes to accounts in Financial statements and non disclosure of Accounting ratios.
3.Proper classification and valuation of Assets not done.
4)property tax registers do not match with financial statements.
5.Lapses in making timely and accurate demand entries in respect of tax and non -tax revenue.
6.Details of all bank accounts were not included in the Annual Financial statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചേന്ദമംഗലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്